## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 986 30.06.2015-ൽ മറുപടിയ്ക്ക്

### കലോത്സവങ്ങളിൽ 'എ' ഗ്രേഡ് നേടിയവർ

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.വർക്കല കഹാർ | | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും, വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സ്കൂൾ കലോത്സവത്തിൽ 'എ' ഗ്രേഡ് നേടുന്ന പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിന് ഏതെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ എന്ന് മുതലാണ് പദ്ധതി നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. 2012-13 അദ്ധ്യയന വർഷം മുതൽ സംസ്ഥാന സ്കൂൾ കലോത്സവത്തിൽ 'എ' ഗ്രേഡ് നേടുന്ന പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സമ്മാനമായി ക്യാഷ് അവാർഡ് നൽകിവരുന്നു. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതി പ്രകാരം പട്ടികജാതിക്കാരായ എത്ര വിദ്യാർത്ഥികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ നൽകിയെന്ന് വിശദമാക്കുമോ ; | (ബി) | പ്രസ്തുത പദ്ധതി പ്രകാരം 2012-13 സാമ്പത്തിക വർഷത്തിൽ 387 വിദ്യാർത്ഥികൾക്കും, 2014-15 സാമ്പത്തിക വർഷത്തിൽ 257 വിദ്യാർത്ഥികൾക്കുമായി ആകെ 644 വിദ്യാർത്ഥികൾക്ക് 10,000/-രൂപ വീതം ക്യാഷ് അവാർഡ് അനുവദിച്ചിട്ടുണ്ട്. |
| (സി) | ജില്ലാതല സ്കൂൾ കലോത്സവങ്ങളിൽ 'എ' ഗ്രേഡ് നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് കൂടി ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുമോ; | (സി) | ജില്ലാതല സ്കൂൾ കലോത്സവങ്ങളിൽ 'എ' ഗ്രേഡ് നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ